# തുലിക - ഇ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

## ഗവഃ ഹൈസ്കൂൾ, കാലിക്കടവ്



2019

# ആശംസ



*ഞങ്ങളുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിന്റെ ഈ സദ്ദ്യമത്തിന് മുന്നോട്ടു വന്ന എല്ലാ വിദ്യാർത്ഥികൾക്കും, ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും ആശംസകൾ നേരുന്നു.*

സുജിത എ സി, പ്രധാനാധ്യാപിക

# ലിറ്റിൽ കൈറ്റ്സ്

ഗവഃ ഹൈസ്കൂൾ, കാലിക്കടവിലെ *ലിറ്റിൽ കൈറ്റ്സിന്റെ ഇ മാഗസിൻ ആണ് ത്തുലിക.*

*ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു.* പൊതു വിദ്യാലയങ്ങളുടെ ഹൈടെക് വത്കരണത്തിലൂടെ നൂതനമായ പഠനരീതി നടപ്പിലാക്കുന്ന കേരള ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ് – KITE) ന്റെ കുട്ടി കൂട്ടമാണ് ലിറ്റിൽ കൈറ്റ്സ്.

നിലവിൽ 20 അംഗങ്ങളുള്ള ഒരു യൂനിറ്റാണ് സ്കൂളിനുള്ളത്. പുതിയ അംഗങ്ങളെ ചേർക്കാനുള്ള പ്രവർത്തനവും നടക്കുന്ന എല്ലാ ബുധനാഴ്ചകളിലും ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. IT യുമായി ബന്ധപ്പെട്ട നിരവധി ക്ലാസ്സുകളും പരിശീലനങ്ങളും ലഭിക്കുന്നുണ്ട്.

# തൂലിക - ഇ മാഗസിൻ

## തൂലിക - ഇ മാഗസിൻ

Prepared by:

ലിറ്റിൽ കൈറ്റ്സ്, ഗവഃ ഹൈസ്കൂൾ, കാലിക്കടവ്

THOOLIKA E-Magazine

Little Kites, Govt. High School, Kalikkadavu,

Pallivayal P.O, Kannur -670142

Email : ghskalikkadavu@gmail.com

## Editorial board

Sujitha A. C, Headmistress

Vinodkumar T P, Kite master

Rajalakshmi K,  Kite mistress

Saleeth N P, IT Co-Ordinator

Kadeeja N U, Group Leader

Sreehari. K

Nandana. T

Rajina. K

## ഉള്ളടക്കം


രാഷ്ട്ര പിതാവ്....5
എഡിറ്റോറിയൽ....6
ചിത്രങ്ങൾ, ഗവ: ഹൈസ്കൂൾ, ലിറ്റിൽ കൈറ്റ്സ്....7
അമ്മ....8
രണ്ട് കഴുതകളും ഒരാട്ടും....9
വരകൾ....11
അമ്മുവിന്റെ കൂട്ടുകാർ....12
*ജീവൻ*....13
വരകൾ....14
നിരാശ....15
ചിന്നു മുയലിന്റെ ബുദ്ധി....16
എൻെറ വിദ്യാലയം....17
എണ്ണത്തിലല്ല കാര്യം....18
ഭൂമി....19
*കുഞ്ഞാവയും കുഞ്ഞിപ്പാവയും*....20
മാനം തേങ്ങുന്ന ഇരുള് പടരുന്നു....21
മിട്ടുവിന്റെ സൂത്രം....22
*ഞങ്ങളുടെ മുത്തശ്ശി*....23
പൂവും പൂമ്പാറ്റയും....25
വായിക്കൂ....26
അധ്യാപക ദിനം....27
എന്റെ പാഠശാല....28
കഥ....29
കമ്പ്യൂട്ടർ ഉറ്റമിത്രം....30
കുരങ്ങച്ചനും തത്തമ്മയും....31
തത്തമ്മ....33
നിറകണ്ണ്....33


തൂലിക
ഇ-മാഗസിൻ
ലിറ്റിൽ കൈറ്റ്സ്,ഗവ.ഹൈസ്കൂൾ കാലിക്കടവ്

# രാഷ്ട്ര പിതാവ്



# എഡിറ്റോറിയൽ

ഭാവിയുടെ വെളിച്ചമായ് മാറേണ്ട വിദ്യാർത്ഥികളുടെ ഭാവനാപൂർണമായ ആലോചനകളാണ് ഈ പതിപ്പിന് അടിസ്ഥാനം.

സർഗ്ഗാത്മകതയുടെ അടയാളപ്പെടുത്തലുകളാണ് ഇതിലെ ഓരോ താളുകളും.

കൂട്ടുകാരുടെ വിശാലമായ ഭാവനാസാഗരമാണ് "തൂലിക". ഇതിലെ ഓരോ വരിയിലും തെളിയുന്നത് ഞങ്ങളുടെ വർണങ്ങളും സ്വപ്നങ്ങളുമാണ് .

"തൂലിക"യുടെ തിളക്കം നിങ്ങളിലേക്കും മറ്റു കൂട്ടുകാരിലേക്കും എത്തിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

ഞങ്ങൾ സ്നേഹപൂർവ്വം "തൂലിക " യുമായി നിങ്ങളിലേക്ക്.............



# ചിത്രങ്ങൾ



ഗവഃ ഹൈസ്കൂൾ, കാലിക്കടവ്, ലിറ്റിൽ കൈറ്റ്സ്



Little kites camp evaluation

# അമ്മ



ജീവിതമാകുന്ന കടലേ, നീ ആദ്യം അറിഞ്ഞതും
പഠിച്ചതും നിന്നെ പഠിപ്പിച്ചതും അമ്മയാകുന്ന തണൽ
ദു:ഖത്തിലും സന്തോഷത്തിലും നിന്നെ വാരിപ്പുണർന്ന
പേരാൽ വൃക്ഷമാണ് നിന്റെ അമ്മ

നിന്നെയവർ താഴ്ത്തുമ്പോഴും അമ്മ നിന്നെ ഉയർത്തി
നീ അറിഞ്ഞ നിന്നെ അറിഞ്ഞ ദൈവമാണ് അമ്മ
പൂവിട്ടു പൂജിക്കു നീ നിന്നമ്മയെ
അറിയാതെ പോലും പറയരുത് ഒരു കുത്തുവാക്ക്

വേദനിക്കും, കരയും മൃദുവാം അമ്മ മനസ്സ്
അമ്മിഞ്ഞപ്പാലിൻ മാധുര്യവും ദൈവത്തിന്റെ സ്നേഹവും
അച്ഛന്റെ കരുതലും സംയോജിച്ചതാണ് അമ്മ
നിന്റെ വേദനകളും പരാതികളും കേൾക്കുന്ന കൺകണ്ട ദൈവമാണമ്മ

ജീവിത കടലാകുന്ന അമ്മ, ദൈവമാകുന്ന അമ്മ
എല്ലാമെല്ലാമാകുന്ന അമ്മ

റജീന.കെ, 9A

# രണ്ട് കഴുതകളും ഒരാടും

ഒരു കർഷകൻ രണ്ട് കഴുതകളെയും ഒരാടിനേയും വളർത്തിയിരുന്നു. പാടത്തെ മിക്ക ജോലികളും കഴുതകളാണ് ചെയ്തിരുന്നത്. എന്നാൽ അവർക്ക് വയറുനിറച്ച് എന്തെങ്കിലും കൊടുക്കാൻ കർഷകൻ ശ്രദ്ധിച്ചിരുന്നില്ല. മിക്ക നേരങ്ങളിലും അയാൾ ആടിനെ പരിപാലിക്കുന്ന തിരക്കിലാവും. അതിനു നല്ല തീറ്റയും, വെള്ളവും യഥേഷ്ടം കിട്ടി. ഇത് കഴുതകളെ അസൂയാലുകളാക്കി.

“നോക്കൂ, പാടത്തെ ജോലിയെല്ലാം നമ്മൾ ചെയുന്നുവെങ്കിലും തീറ്റയെല്ലാം ആടിനാണ്.'”

”ശരിയാണ് അക്കാര്യം ഞാൻ നേരത്തെ പറയണമെന്ന വിചാരിച്ചതാണ്.”

കഴുതകളിൽ രണ്ടാമൻ ആടിനെ അസൂയയോടെ നോട്ടമിട്ട് ഒന്നാമനെ ശരിവച്ചു.

”എന്തുചെയ്യാനാ സഹിച്ചല്ലേ മതിയാവൂ.” ഒന്നാമത്തെ കഴുത ഒടുവിൽ പറഞ്ഞു. അത് രണ്ടാമൻ അനുസരിച്ച് തലയാട്ടി.

അങ്ങനെ കുറച്ചു കാലം കഴിഞ്ഞു കർഷകന്റെ മകൾ വളർന്നു വലുതായി. അവൾക്ക് വിവാഹാലോചന വന്നു കല്യാണം ഉറപ്പിച്ച ദിവസം കർഷകന്റെ ഭാര്യ അയാളോട് പറഞ്ഞു.

"നാമെത്ര കാലമായി ആ ആടിനെ വളർത്തുന്നു? അവനാണെങ്കിൽ പ്രായവുമായി കല്ല്യാണ സൽക്കാരത്തിന് നമുക്ക് അവനെ അറക്കണം.”

“ശരിയാ ഞാനും അത് ചിന്തിക്കാതെയല്ല" കർഷകൻ പറഞ്ഞു.

അങ്ങനെ കല്ല്യാണ ദിവസം ആടിനെ വകവരുത്തി ഉച്ചയൂണിന് വിളമ്പി.

അത് ദൂരെ നിന്നും നോക്കി കഴുതകളിൽ ഒന്നാമൻ പറഞ്ഞു:

"നീയൊന്ന് ആലോചിച്ചു നോക്കൂ. ജീവിച്ചിരുന്ന കാലത്ത് അവൻ നന്നായി തിന്നുകയും, അവനെ തീറ്റി പോറ്റുകയും ചെയ്തു. അന്നവൻ അനുഭവിച്ച ആഹ്ലാദങ്ങൾ അവനു തന്നെ വിനയായതു കണ്ടില്ലേ?"

"ശരിയാ നന്നായി തിന്നാനില്ലെങ്കിലും നാമിപ്പോഴും ജീവനോടെ പാടത്തേക്കു പോകുന്നു."

ആരതി. എം, 9.B



# വരകൾ






# അമ്മുവിന്റെ കൂട്ടുകാർ



ഒരിടത്ത് ഒരിടത്ത് അമ്മു എന്ന് പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾക്ക് ധാരാളം കൂട്ടുകാരുണ്ടായിരുന്നു. ഒരു ദിവസം അവളുടെ പാവക്കുട്ടിയെ കാണാതെ പോയി. അമ്മു വളരെ സങ്കടപ്പെട്ടു. അപ്പോൾ അമ്മുവിന്റെ കൂട്ടുകാർ അവളുടെ വീട്ടിൽ കളിക്കാൻ എത്തി. അമ്മു വിഷമിച്ചിരിക്കുന്നത് അവർ കണ്ടു.

"എന്താ അമ്മു വിഷമിച്ചിരിക്കുന്നത് " അവർ ചോദിച്ചു. അമ്മു കരഞ്ഞു കൊണ്ട് പറഞ്ഞു, "എന്റെ പാവയെ കാണുന്നില്ല." കൂട്ടുകാർക്കെല്ലാവർക്കും സങ്കടമായി. എല്ലാവരും പാവയെ തിരയാൻ തുടങ്ങി. അവർക്ക് പാവയെ കണ്ടെത്താൻ കഴിഞ്ഞില്ല. കൂട്ടുകാരെല്ലാവരും അവരുടെ കൈയിലുള്ള പൈസ കൊണ്ട് അമ്മുവിന് ഒരു പാവയെ വാങ്ങി കൊടുക്കാൻ തീരുമാനിച്ചു. അവരെല്ലാവരും അവരുടെ വീട്ടിലേക്ക് മടങ്ങി. പിറ്റേ ദിവസം അവർ പുതിയ പാവയുമായി അമ്മുവിന്റെ വീട്ടിലെത്തി. അവർ സന്തോഷത്തോടെ ആ പാവയേയും കൊണ്ട് കളിച്ചു. ഈ സമയം അമ്മു വിചാരിച്ചു; എന്റെ കൂട്ടുകാർ എത്ര നല്ലവരാണ്.

**നന്ദന. ടി, 9A**

# ജീവൻ



അമ്മു അന്ന് പതിവിലും വൈകിയാണ് ഉറങ്ങാൻ കിടന്നത്. തിരിഞ്ഞും മറിഞ്ഞും ഒരുപാട് സമയം തള്ളി നീക്കിയെങ്കിലും നിദ്ര എന്ന സുഖം അവളെ തേടിയെത്തിയില്ല. അതിനാൽ തന്നെ ആ കൂരിരുളിൽ അവൾ മുറ്റത്തിറങ്ങി നൂൽവല്ലപ്പമുള്ള ചന്ദ്രനെ നോക്കി. നാളെ കറുത്തവാവാണെന്ന് ആ ചന്ദ്രൻ പതിയെ ഉരുവിടുന്നുണ്ടായിരുന്നു.

അങ്ങനെ ഇരിക്കെയാണവൾ പെട്ടെന്ന് ഞെട്ടിയത്. പൊന്നുവിൻെറയും മിന്നുവിൻെറയും അലർച്ചയായിരുന്നു ആ ഞെട്ടലിന്റെ കാരണം. ഇരുളിൻെറ ഇടയിലെ മിന്നാമിനുങ്ങിൻെറ നുറുങ്ങു വെട്ടത്തിൽ അവൾ ആ കാഴ്ച കണ്ടു. രാക്ഷസന്റെ വേഷമണിഞ്ഞ ആ കുറുക്കൻ അവളുടെ പൊന്നുവിനെയും മിന്നുവിനെയും കടിച്ചുകീറുന്നു അതു കണ്ടാർത്തി പൂണ്ട മറ്റു കുറുക്കൻമാർ എനിക്കും കൂടി എന്ന മട്ടിൽ നിൽക്കുന്നു.

പെട്ടെന്ന് കണ്ട ദൃശ്യം അമ്മുവിനെ തളർത്തി സങ്കടം സഹിക്കാനാവതെ പരിഭ്രമത്താൽ എന്തു ചെയ്യണമെന്നു പോലും അവൾ മറന്നു. എങ്കിലും ഉടനെ അവൾ വിളക്കുകൾ കത്തിച്ചു കൊണ്ട് അലമുറയിട്ടു. ഇതു കണ്ട കുറുക്കൻമാർ ഇരയെ ഉപേക്ഷിച്ചു ജീവൻ രക്ഷിച്ചു. തൻെറ മേൽ താൻ നൽകുന്നത്ര രക്ഷ കോഴികൾക്കും ഉണ്ടാകുമെന്ന സത്യം അപ്പോഴും അവൾ തിരിച്ചറിഞ്ഞില്ല. ഇരുവരുടെയും ജഡം കണ്ട അമ്മു വിങ്ങിപ്പൊട്ടി. നിസ്സഹായതയിൽ സങ്കടം സഹിക്കാനാവതെ തേങ്ങി.

അനയ 9B

# വരകൾ







# നിരാശ

*പണ്ട് പലയാണ്ടുകൾ മുൻപേ*
*നമ്മുടെ പൂർവ്വികൾ സൃഷ്ടിതമായ്*
*അവർ ദൈവ കരങ്ങളിൽ നിന്നും*
*പാരിൻ മടിയലെത്തി.*



*മാനവ രാശിതൻ ഉയിർപ്പുകണ്ട്*
*സൂര്യചന്ദ്രാദികൾ ചോദിച്ച പോയി*
*ഭൂമിയിലുള്ള പോലെന്തു കൊണ്ട്*
*നീ ഞങ്ങളിൽ മനുഷ്യ ജൻമം*
*നൽകിയില്ല?*
*പല നൂറ്റാണ്ടുകൾ കടന്നു പോയി*
*പല യുഗങ്ങൾ കടന്നു പോയി.*
*ഈ ഉയിർപ്പുതൻ നാശത്തിനെന്ന്*
*പാവം ഭൂമി തിരിച്ചറിഞ്ഞില്ല*
*ഇപ്പോൾ മനുഷ്യർ പ്രകൃതിയെ*
*മുഴുവൻ മലിനമാക്കി.*
*ജലവു വയലും*
*കുന്നിടിച്ചയ്യോ നാശമാക്കി*
*വൃക്ഷ സമ്പാദികൾ വെട്ടി നീക്കി.*



*സൂര്യചന്ദ്രാദികൾ ചോദിച്ച പോയി*
*ഭൂമിയിലുള്ള പോലെന്തു കൊണ്ട്*
*നീ ഞങ്ങളിൽ മനുഷ്യ ജൻമം*
*നൽകിയില്ല?*
*പാവം ഭൂമി തിരിച്ചറിഞ്ഞില്ല*

# ചിന്നു മുയലിന്റെ ബുദ്ധി

ഒരിക്കൽ ഒരിടത്ത് ചിന്നു മുയലും അച്ഛനും അമ്മയും താമസിച്ചിരുന്നു. അച്ഛനും അമ്മയും ഭക്ഷണം തേടി പോയി. അപ്പോൾ അതുവഴി ഒരു ചെമ്പൻ ചെന്നായ വന്നു. ചെമ്പൻ ചിന്നുവിനെ തുറിച്ച് നോക്കി . പാവം ചിന്നു പേടിച്ച് പോയി. ചെമ്പൻ ഇപ്പോൾ തന്നെ ഭക്ഷണമാക്കുമെന്ന് ചിന്നുവിന് മനസ്സിലായി.



ചിന്നുവിന് പെട്ടെന്ന് ഒരു സൂത്രം തോന്നി. എന്നിട്ട് ചിന്നു ചെമ്പനെ നോക്കി പറഞ്ഞു

"ചെമ്പൻ ചേട്ടാ അതാ അവിടെ ഒരു കോഴി..” ചെമ്പൻ പുറകിലോട്ട് തിരിഞ്ഞു നോക്കി.

ആ തക്കത്തിനു ചിന്നു വീട്ടിലേക്ക് ഓടിപ്പോയി. ഹാവൂ ! രക്ഷപ്പെട്ടു ചിന്നുവിന് ആശ്വാസമായി.

# എൻെറ വിദ്യാലയം




*എന്തു സുന്ദരം എന്റെ വിദ്യാലയം*
*പാഠങ്ങൾ പഠിപ്പിക്കാൻ ടീച്ചറുണ്ട്*
*കൂട്ടുകൂടാൻ കൂട്ടുകാരുണ്ട്*

*പാട്ടുപാടി കഥകൾ പറഞ്ഞ്*
*കൂട്ടുകൂടി നടക്കും ഞങ്ങൾ*
*ചോറു തിന്ന് കളിച്ച് രസിക്കും ഞങ്ങൾ*
*എന്തു രസമാണ് എന്റെ വിദ്യാലയം*

**അവന്തിക അജേഷ്, 2**

# എണ്ണത്തിലല്ല കാര്യം



പണ്ട് പണ്ട് ഒരിക്കൽ ഒരു കാട്ടിൽ കണക്കെടുപ്പ് നടക്കുകയായിരുന്നു. ആർക്കാണ് ഏറ്റവും കൂടുതൽ കുട്ടികൾ എന്നറിയുകയായിരുന്നു ലക്ഷ്യം. ഓരോരുത്തർക്കും ഉള്ള കുട്ടികളുടെ എണ്ണം കണക്കെടുപ്പുകാർ ശേഖരിച്ചു. പലർക്കും വലിയ കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. പത്തും പതിനഞ്ചും ഇരുപതും ഒക്കെ കുട്ടികൾ സാധാരണമായിരുന്നു. ചിലർക്കൊക്കെ ഒരു പ്രസവത്തിൽ തന്നെ നിരവധി കുട്ടികൾ ഉണ്ടായിരുന്നു. അവസാനം കണക്കെടുപ്പ് സംഘം ഒരു സിംഹത്തിന്റെ അടുത്തെത്തി.

"തിരുമേനി അവിടുത്തേക്ക് എത്ര കുട്ടികളുണ്ട് ?"

"ഒന്ന് ", സിംഹം മറുപടി പറഞ്ഞു

"എന്ത്, ഒരെണ്ണം മാത്രമോ? വിശ്വസിക്കാൻ വയ്യ".

"അതെ", സിംഹം ഗൗരവത്തിൽ മറുപടി നൽകി.

"പക്ഷേ,അതൊരു സിംഹമാണ്."

കണക്കെടുപ്പുകാർ പിന്നെ ഒന്നും മിണ്ടിയില്ല.

# ഭൂമി



അമ്മേ ഭൂമി നീയീന്നെങ്ങനെ
സുന്ദരിയായി വളർന്നു
പച്ചമരതണലത്തു നീയെങ്ങനെ
വെയിലിനെ മായിച്ചുമറച്ചു

താരങ്ങൾ മിന്നുന്ന നീലപ്പുടവ-
യിന്നാരു തന്നു നിനക്കണിയാൻ
ഇരുകരങ്ങൾ പോലെ നീണ്ടുപോകുന്ന
നിൻ കരങ്ങളിതെങ്ങോട്ടു പോകുന്നു

മുഖം കറുപ്പിച്ചു കലി തുള്ളിയെന്തിനാ
കണ്ണുകൾ തൻ കണ്ണീർ പൊഴിക്കുന്നു
മഴയായവയെ പെയ്യിച്ചു മേനിയെ
എന്തിനുനീ കുളിർപ്പിച്ചിടുന്നു

താണ്ഡവമാടുവാൻ മുദ്രയായി നീ
യെന്തിന്നു മരങ്ങളെ കൂട്ടുന്നു
ശബ്ദവും വർണവും വിതറാനായ്
ഇടിമിന്നലെന്തിന്നു വന്നിടുന്നു

അമ്മേ ഭൂമി നിനക്കിന്നവയെ
ആരാണ് നൽകിയതമ്മേ
നിന്നിലെ മാറ്റങ്ങൾ എന്നിലാ
യാക്കുന്നു പാഠങ്ങൾതൻ വൻകുമ്പാരം.

**അനയ.കെ, 9B**

# കുഞ്ഞാവയും കുഞ്ഞിപ്പാവയും




*കുഞ്ഞാവയ്ക്കൊരു കുഞ്ഞിപ്പാവ*
*അമ്മ കൊടുത്തു സമ്മാനം*
*കുഞ്ഞിപ്പാവയ്ക്കുണ്ടേ നല്ലൊരു*
*മഞ്ഞപ്പുള്ളിപ്പാവാട*
*കുഞ്ഞിയുടുപ്പിൻ ചന്തം കണ്ടോ*
*കുന്നിക്കുരുവിൻ ചോപ്പു നിറം*
*കുഞ്ഞിപ്പാവയെ മടിയിലിരുത്തി*
*കണ്ണെഴുതിച്ചു കുഞ്ഞാവ*

***മറിയംബി , 9B***

# മാനം തേങ്ങുന്നു ഇരുള് പടരുന്നു

തവള കരയുന്നു



മേഘം വിരുളന്നു

ചീതക്കാറ്റോടുന്നു

മേഘത്തേന്തുറ്റുന്നു

മാനം തേങ്ങുന്നു

അമ്മ നനയുന്നു.

തന്നഴക്കുകളലിയിച്ചു

കളയുന്നു.



കണ്ണീർ കുത്തിയൊലിച്ചിടുന്നു

പൊട്ടാസു പൊട്ടിടുന്നു

മാനം വേരുകൾ കാട്ടിടുന്നു.

മേഘം കണ്ണീർ തുടച്ചിടുന്നു


ഇരുളുകളകലുന്നു മേലേ

വാനിൻ പൊട്ടുതിളങ്ങിടുന്നു.

അമ്മ സുന്ദരിയാകുന്നു

ആനന്ദമെങ്ങും എത്തിയിടുന്നു.

# മിട്ടുവിന്റെ സൂത്രം



പണ്ട് പണ്ട് ഒരു കാട്ടിൽ പാവം മിട്ടുമുയൽ ഉണ്ടായിരുന്നു. ഒരു ദിവസം മിട്ടു ഭക്ഷണം തേടി വരികയായിരുന്നു. പെട്ടെന്ന് ഒരു വലിയ പുലി മുമ്പിൽ വന്നു. മിട്ടുവിന് പേടിയായി. മിട്ടു തിരിഞ്ഞോടാൻ തുടങ്ങുമ്പോഴേക്കും മുന്നിൽ ചെമ്പൻ ചെന്നായ

കണ്ണും തുറിച്ച് നാവും നീട്ടി നിൽക്കുന്നു. എങ്ങനേയും രക്ഷപ്പെടട്ടെ മതിയാവൂ. അവന് ഒരു സൂത്രം തോന്നി....

ചെമ്പൻ ചെന്നായയുടെ കണ്ണുകൾ പൂട്ടി പത്ത് വരെ എണ്ണുവാൻ പറഞ്ഞു. എണ്ണിയാൽ ഒരു സാധനം തരാം. എണ്ണും വരെ കണ്ണടച്ച് നിൽക്കണം. പത്ത് എന്നു പറയും. അപ്പോൾ കണ്ണ് തുറക്കണം. ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത് തുറന്നോ ണേ....മുയൽ എവിടെ പോയി.

മിട്ടു ചെന്നായയെ പറ്റിച്ച് രക്ഷപ്പെട്ടു. കൂട്ടുകാരെ ദുഷ്ടൻമാരിൽ നിന്ന് രക്ഷ നേടാൻ നമ്മുടെ കഴിവ് തന്നെ വേണം.

**ശ്രീലക്ഷ്മി.എസ്.നായർ, *2 A***

# ഞങ്ങളുടെ മുത്തശ്ശി



ഒരു ഗ്രാമത്തിൽ ഒരു ആൽമരം ഉണ്ടായിരുന്നു. എല്ലാ കുട്ടികളും ആൽമരത്തെ ആൽമുത്തശ്ശി എന്ന് വിളിച്ചിരുന്നു. എപ്പോഴും കുട്ടികൾ അവിടെ വന്ന് കളിക്കുമായിരുന്നു. മരത്തിൽ ഏറെയും പക്ഷികളാണ് ഉള്ളത്. അണ്ണാൻമാരും പാമ്പുകളും പക്ഷികളും ഉറുമ്പും ആൽമരത്തിൽ താമസിച്ചിരുന്നു. എല്ലാ രാത്രിയിലും ആൽമരത്തിൽ നിന്ന് പക്ഷികളുടെ പാട്ട് കേൾക്കാൻ എല്ലാവരും അവിടെ വന്ന് ഇരിക്കുമായിരുന്നു. ഒരു ദിവസം പറഞ്ഞു, "ആൽമരം മുറിക്കാൻ പോവുകയാണ്" കുട്ടികൾക്ക് വളരെ സങ്കടം വരുന്ന ഒരു കാര്യം.

എല്ലാ കുട്ടികളും അവരവരുടെ മാതാപിതാക്കളോട് പറഞ്ഞു, "വേണ്ട ആൽമുത്തശ്ശിയെ മുറിക്കേണ്ട " പക്ഷേ ആരും കേട്ടില്ല. അവറ് മരം മുറിക്കാൻ തീരുമാനിച്ചു . അങ്ങനെ ഒരു ദിവസം മരം വെട്ടുക്കാരൻ വന്നു. ആൽമുത്തശ്ശിയെ മുറിക്കാൻ പോവുകയാണ് എന്നറിഞ്ഞ പക്ഷികൾ മരം വെട്ടുക്കാരനെ കൊത്തി. അങ്ങനെ മരം വെട്ടുക്കാരൻ പോയി. എല്ലാവറ്ക്കും മനസ്സിലായി ആൽമരം ഒരു പാഠമാണ്. പിന്നെ ആരും മുത്തശ്ശിയെ മുറിക്കാൻ പോയില്ല.

**മരിയ തോമസ്, 4**



**Karate training**



**Rejina, little kites member  addressing audience**

# പൂവും പൂമ്പാറ്റയും



മനോഹരമായ ഒരു പൂന്തോട്ടത്തിൽ ദിവസവും ഒരു പൂമ്പാറ്റ തേൻ കുടിക്കാൻ വരുമായിരുന്നു. മഹാ അഹങ്കാരിയായിരുന്നു പൂമ്പാറ്റ.
ഒരു ദിവസം പൂമ്പാറ്റ താൻ തേൻ കുടിക്കുന്ന പൂവിനെ നോക്കി. അതിന്റെ ഇതളുകളിൽ ചിലത് കൊഴിഞ്ഞു പോയിരിക്കുന്നു, ഇപ്പോൾ നിന്നെ കാണാൻ ഒരു ഭംഗിയുമില്ല എന്നു പറഞ്ഞു. പൂവ് ചുറ്റും നോക്കി ശരിയാണ് തന്നെ പോലെ തന്നെ എല്ലാ പൂക്കളുടെയും ഇതളുകൾ കൊഴിഞ്ഞു തുടങ്ങിയിരിക്കുന്നു. പൂവ് സങ്കടത്തോടെ പൂമ്പാറ്റയെ നോക്കി. പൂമ്പാറ്റ അഹങ്കാരത്തോടെ പറന്നു പോയി.
ദിവസങ്ങൾ കടന്നു പോയി. ഒരു ദിവസം പൂമ്പാറ്റ വീണ്ടും ആ പൂന്തോട്ടത്തിലേക്ക് വന്നു. മനോഹരമായ പൂക്കൾ കണ്ട് അവൾ അതിശയിച്ചു. അവൾ മനോഹരമായ ഒരു പൂവിന്റെ അടുത്തേക്ക് പോയി. ആ പൂവിന്റെ തേൻ നുകർന്നു.
അപ്പോൾ ആ പൂവ് പൂമ്പാറ്റ
യോട് പറഞ്ഞു. നിന്റെ ചിറകുകളിലെ നിറം മങ്ങി തുടങ്ങിയിരിക്കുന്നു. അതു കേട്ടതും പൂമ്പാറ്റ ഞെട്ടിത്തരിച്ചു. പൂമ്പാറ്റ ഏറെ ദു:ഖിതയായി. പൂമ്പാറ്റയ്ക്ക് ഒരു കാര്യം മനസിലായി ഭൂമിയിൽ ഒരു കാര്യവും ശാശ്വതം അല്ല എന്ന്.

**സൗരവ്, 3**

# വായിക്കൂ



വായിക്കൂ ഇനി ഉണരൂ
നവഭാരത നന്മയ്ക്കായ്
വായിക്കൂ ഇനി വളരൂ
നവയുഗ പിറവിക്കായ്
ഉള്ളൂരാശാൻ വള്ളത്തോളിൻ
കൃതികൾ വായിക്കൂ
തുഞ്ചൻ കുഞ്ചൻ തൻ-
കൃതികൾ സ്മരിച്ചീടൂ -
അക്ഷരം ഓരോന്നും
തന്നായുധവാക്കിടൂ...
വാക്കുകളോരോന്നും
തൻചുവടുകളാക്കിടൂ
ഗ്രന്ഥാലയവും ലൈബ്രറിയും
വിദ്യാലയവും കരുതിടൂ
പുസ്തകമോരോന്നും
സഹപാഠികളാക്കിടൂ
ഗുണ പാഠങ്ങൾ ഗ്രഹിച്ചിടൂ
നല്ലതു മനസ്സിൽ നിനച്ചീടൂ
നന്മ നിനച്ചീടൂ
നല്ല മനുഷ്യനായ് മാറൂ.

**അനയ.കെ, 9B**

# അധ്യാപക ദിനം

## *സെപ്റ്റംബർ 5*

## *ഡോ. എസ്. രാധാകൃഷ്ണന്റെ ജൻമദിനം.*



*നമ്മുടെ രണ്ടാമത്തെ രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണന്റെ ജൻമദിനം.*
*നമുക്ക് പുതുതായി അറിവുകൾ പകർന്നു തരുന്ന അധ്യാപകരുടെ ദിനം.*
*ഈ നല്ല ദിനത്തിൽ അധ്യാപകരെ ആശംസിക്കുകയും അവർ ഇഷ്ടപ്പെടുന്ന പ്രവർത്തനങ്ങൾ ചെയ്യുക എന്നതും നമുക്കവർക്കു കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനമാണ്.*

# എന്റെ പാഠശാല




വാശിയും വൈരാഗ്യവും ഉള്ള മനുഷ്യരല്ല ,
വാനത്തിലേക്ക് പറന്നുയരാനുള്ള ശലഭങ്ങളാണ്-
എന്റെ കൂട്ടുകാർ,

കരങ്ങൾ കോർത്ത്  ചങ്ങലകളാക്കി
കണ്ണുകൾ ചേർന്ന് ധൈര്യം പകർന്ന്
മനസ്സുകൾ പങ്കു വച്ച് സന്തോഷത്തിന്റെ ഉറവിടം
കണ്ടെത്തിയവരാണെന്റെ കൂട്ടുകാർ,

അറിവിന്റെ ജാലകം അല്ല നമ്മുടെ
പാഠശാല, സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും
മണി തളികയാണ് എന്റെ വിദ്യാലയം.

***കദീജ.എൻ യു, 9B***

# കഥ



രണ്ടു ദിവസമായി അമ്മിണിക്കുട്ടിയെ കണ്ടിട്ട്. അമ്മിണിക്കു പനിയാണെന്ന് അവളുടെ അമ്മ പറയുന്നത് കേട്ടു. പാവം കൊച്ച് നന്നായി വിശ്രമിക്കട്ടെ അമ്മച്ചിപ്ലാവ് കരുതി. വേനലു കഴിഞ്ഞ് മഴ വന്ന പ്ലാവ് ചിരിക്കാൻ ശ്രമി ച്ചു. പക്ഷേ അമ്മിണിയെ കാണാത്തതിലുള്ള സങ്കടം ഒരു പുളിയുറുമ്പിനെ പോലെ അമ്മച്ചിയുടെ നെഞ്ചത്ത് ഒറ്റക്കടി വച്ചുകൊടുത്തു. അടുക്കള വശത്ത് അമ്മിണിയുടെ അപ്പൻ കപ്പ പൊളിക്കുന്നതും അമ്മ വെള്ളം കോരുന്നതും കാണാം. അമ്മിണിക്കുട്ടി കിടക്കുകയായിക്കും. അപ്പോഴാണ് അമ്മിണിക്ക് കൊടുക്കാൻ ഓണപ്പലഹാര ങ്ങളുമായി അവളുടെ കൂട്ടുകാരൻ കുഞ്ഞൻ വന്നത്. അതും കൊടുത്ത് അവൻ അമ്മ ച്ചിപ്ലാവിനെ കാണാൻ പിന്നാമ്പുറത്തേക്കിറങ്ങി. പുറത്ത് തണുപ്പുള്ളതു കൊണ്ട് അമ്മിണി വാതിൽക്കൽ എത്തി നോക്കി.....

***നാജിയ. ടി***

# കമ്പ്യൂട്ടർ ഉറ്റമിത്രം

"എവിടെത്തിരിഞ്ഞൊന്ന് നോക്കിയാലും
അവിടെല്ലാം കമ്പ്യൂട്ടറിന്റെ ലോകം"

ഇന്ന് നമ്മുടെ സമൂഹത്തിൽ ഇടം പിടിച്ച ഒന്നാണ് കമ്പ്യൂട്ടർ സാങ്കേതികവിദ്യ. ലോകം കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ വിരൽത്തുമ്പിലാണ്.

ആദ്യകാല കമ്പ്യൂട്ടർ വളരെയധികം വലുപ്പമേറിയതായിരുന്നു. എന്നാൽ ഇക്കാലത്തുള്ള കമ്പ്യൂട്ടർ ചെറുതായി ചെറുതായി കൈവെള്ളയിൽ ഒതുങ്ങുന്നതായി മാറി.

എല്ലാ കാര്യങ്ങളിലും ഉപകാര പ്രദമാണ് കമ്പ്യട്ടർ. സമൂഹത്തിൽ കമ്പ്യൂട്ടറിനുള്ള പങ്ക് വളരെ വലുതാണ്. ദിവസം തോറും കമ്പ്യൂട്ടർ സാങ്കേതികവിദ്യ പുരോഗമിക്കുകയാണ്. വിദൂരത്തുള്ള ജനങ്ങളുമായിവരെ ആശയവിനിമയത്തിന് ഈ സാങ്കേതികവദ്യ ഉപകാരപ്രദമാണ്. ഒരു നമ്മുടെ ഉറ്റമിത്രമാണ് കമ്പ്യൂട്ടർ.

**തസ്‌ലീമ ,** ***10A***



# കുരങ്ങച്ചനും തത്തമ്മയും



ഒരു കുരങ്ങനും കൂട്ടുകാരും മാമ്പഴ മരത്തിൽ കളിക്കുകയായിരുന്നു. ഒരു അണ്ണാൻ വിശന്നു നിൽക്കുകയായിരുന്നു

അണ്ണാൻ ചോദിച്ചു, കുരങ്ങാ കുരങ്ങാ ഒരു മാമ്പഴം തരുമോ

ഇല്ല തരില്ല ഇതെന്റെ മാവാ.

വേണ്ട എനിക്ക് വെള്ളം മതി ഞാൻ തോട്ടിൽ പോയി കുടിച്ചുകൊള്ളാം.



അങ്ങനെ വെള്ളം കുടിക്കൻ പോകുമ്പോൾ ഒരു തത്തമ്മയെ കണ്ടു.

ആ തത്തമ്മ ചാമ്പമരത്തിൽ കളിക്കുകയായിരുന്നു .

തത്തമ്മേ..തത്തമ്മേ ഒരു ചാമ്പക്ക തരുമോ,

ആ തരാം .

അങ്ങനെ തത്തമ്മയും അണ്ണാനും കൂട്ടുകാരായി.

**അനുഷ്ക .കെ, 2A**



**മാളവിക , 6A**



**മർവ ഫാത്തിമ, 2**


# തത്തമ്മ



അത്തി മരത്തിലെ പൊത്തിലെ തത്തമ്മ
അത്തം നാളിന് മുട്ടയിട്ടു.
അത്തം പത്തിന് മുട്ട വിരിഞ്ഞപ്പോൾ
തത്തമ്മ കൂടിൽ കുഞ്ഞി തത്ത
തത്തമ്മ കൂടിൽ കുഞ്ഞി തത്ത .

**അശ്വതി.എ, 9 a**

# നിറകണ്ണ്



ഒഴുക്കിന്റെ ചാലാണ് എന്റെ മിഴിനീർ
തുള്ളിയായല്ല തോടായി ഒഴുകുകയാണെൻ കണ്ണനീർ.
പാലമിട്ടാലും പലകളിട്ടാലും മറിക്കാൻ
കഴിയില്ല എൻ ജലം.
യമുനയല്ല ,ഗംഗയല്ല ,പമ്പയല്ല -
വെറും ചേറ്റുപുഴയാണ്എൻ മിഴിനീർ.
എന്നാൽ നൈൽനദിയാണ് എൻ -
കരങ്ങൾ,എൻബലം .

**കദീജ.എൻ യു**

# നന്ദി.....




ഇ-മാഗസിൻ

ലിറ്റിൽ കൈറ്റ്സ്,ഗവ:ഹൈസ്കൂൾ കാലിക്കടവ്.